മാതൃഭൂമി
ജനുവരി 14 ശനിയാഴ്ച 2017
മഹാനഗരം
മുംബൈയുടെ ശബ്ദം
www.mathrubhumi.com/mahanagaram

# കൊത്തങ്കല്ലാടി...

## മുംബൈയിൽ സീവുഡ് സമാജം നടത്തിയ കുട്ടികളുടെ ക്യാമ്പ് വ്യത്യസ്തമായിരുന്നു. ഇന്നത്തെ കുട്ടികൾക്ക് അന്യമായ കളികൾ, കവിതകൾ, നാടകം, കമ്പോളത്തെ പരിചയപ്പെടുത്തൽ എന്നിവ ഈ ക്യാമ്പിൻെറ ഭാഗമായി

■ പി.ആർ. സഞ്ജയ്

നവിമുംബൈയുടെ കടൽക്കാടായ സീവുഡ്സ് മലയാളി സമാജത്തിൻെറ കുട്ടികളുടെ ക്യാമ്പ് 'മയിൽപ്പീലി-2016' ഉത്സവം പുതിയ ഉണർവാണ് കുഞ്ഞുങ്ങളിൽ ഉണ്ടാക്കിയത്. വേറിട്ട് ചിന്തിക്കാൻ സീവുഡ്സ് മലയാളിസമാജം ആഗ്രഹിച്ചപ്പോൾ ആദ്യം ചെയ്തത്, അച്ചിൽവാർത്ത കുട്ടികളുടെ സ്ഥിരം ശിബിരത്തിൻെറ പുരാവൃത്തത്തെ കടലിലെറിയുക എന്നതായിരുന്നു. പിന്നെ നാട്ടിൽനിന്ന് പ്രതിഭകളെ ഇറക്കുമതി ചെയ്യുക എന്ന ആശയത്തെ കാറ്റിൽപ്പറത്തുകയും ചെയ്തു. പകരം മുറ്റത്തെ മുല്ലകൾക്ക് അവസരം കൊടുക്കുക. അതിനുവേണ്ടി ഒരു വിളിപ്പാടകലെയുള്ള സമാജങ്ങളിൽനിന്നും സ്ഥലങ്ങളിൽനിന്നും സഹായം തേടുക. അത് വലിയ ചുവടുവെപ്പായി മാറി. കുട്ടികളുടെ മനസ്സ് കൂടെ നടക്കുന്നവർക്കല്ലാതെ മറ്റാർക്ക് അറിയാനാണ്. മയിൽപ്പീലി 2016 അകത്തുകിടക്കുന്ന പേരറിയാത്ത എന്തോ ഒന്നിനെ ആവിഷ്കരിക്കുന്ന തുയിലുണർത്തലായാണ് രൂപപ്പെടുത്തിയത്, ഒരു ബിനാലെ പോലെ. ക്യാമ്പിൽ ആവിഷ്കരിച്ച രീതികളും വ്യത്യസ്തമായിരുന്നു.

മുംബൈ മഹാനഗരത്തിൻെറ തിരക്കിൽ, തുളുമ്പുന്ന ഉമ്മറക്കോലായിലിരുന്ന് ഒരു പറ്റം കുട്ടികൾ നാട്ടിൻപുറങ്ങൾപ്പോലും മറന്നുതുടങ്ങിയ ഈർക്കിൽ കളി കളിക്കുന്നു. നഗരത്തിൻെറ, ചാണകം മെഴുകാത്ത നടുമുറ്റത്ത് ആർത്തുല്ലസിച്ച് ഞൊണ്ടി തൊടാൻമുടുക്കി കളിക്കുന്ന കുട്ടികൾ.

ഫ്ലാറ്റുകൾ ജപ്തിചെയ്ത മെട്രോ പവിഴമല്ലിച്ചോട്ടിലിരുന്ന്, തോളോടുതോൾചേർന്ന് ഉറക്കെ ഹൃദയംതുറന്ന് ചൊൽക്കവിത പഠിക്കുന്ന മുംബൈ കിടാങ്ങൾ.

നഗരത്തിൻെറ തൊടിയിൽ പുളിപ്പുള്ള മാങ്ങ കല്ലിൽ കുത്തി കല്ലുപ്പ് മുക്കിക്കഴിച്ച്, നെല്ലിക്ക തിന്ന്, വെള്ളം കുടിച്ച് മലയാളി കുരുന്നുകൾ ഒരു സംസ്കൃതിയെ തിരിച്ചുപിടിക്കാൻ ശ്രമിക്കുമ്പോൾ കണ്ടുനിൽക്കുന്ന പ്രവാസിരക്ഷിതാക്കളുടെ മനസ്സിൽ ഗൃഹാതുരത്വം. ഒത്തൊരുമയുടെ ജുഗൽബന്ദി.

പിന്നെ മധുരിക്കുന്ന മുത്തശ്ശിക്കഥകൾ നഗരത്തിൻെറ മാഞ്ചുവട്ടിലിരുന്ന് ഓപ്പോളിൻെറ അരികെയിരുന്ന് കേൾക്കുന്ന കുഞ്ഞുങ്ങൾ.

ഒടുവിൽ നഗരത്തിൻെറ അതിജീവനമന്ത്രണങ്ങളെ മറക്കാതെ കൊച്ചുകൂട്ടുകാർ വിപണനത്തിൻെറ മർമ്മമറിഞ്ഞ് ഉത്പന്നങ്ങൾ പരസ്യതന്ത്രങ്ങളുടെ നാഡിമിടിപ്പളന്ന് ലാഭത്തിന് വിൽക്കുന്നു.

ഇത് മലർപ്പൊടിക്കാരൻെറ പോലെയുള്ള സ്വപ്ന വ്യാപാരങ്ങളോ ശൈത്യത്തിൻെറ അസ്ഥിതയിൽ നൊസ്റ്റാൾജിയ മൂത്ത് ഒരു പ്രഥമാധ്യാപകനും മലയാളം അധ്യാപകനും കായികാധ്യാപകനും ചേർന്ന് കാണുന്ന പകൽക്കിനാവുമല്ല.

മേൽപ്പറഞ്ഞത് മയിൽപ്പീലിയുടെ അഴകേറിയ ഇഴകളാണ്.

'ക' എന്നതായിരുന്നു ക്യാമ്പിൻെറ കാമ്പ്.

കളികൾ, കവിതകൾ, കഥകൾ, കാഴ്ചകൾ, കച്ചവടങ്ങൾ, കടങ്കഥകൾ, പിന്നെ കുട്ടികളും.




സമാജത്തിൻെറയും അയൽപ്പക്കത്തെയും ചൊടികളിൽ കൊത്താങ്കലുകൾ ഒളിപ്പിച്ചുവെച്ച ഏട്ടന്മാരും ചേച്ചിമാരും. കവിതയുറക്കെ പാടുന്ന കുഞ്ഞേടത്തിമാരും വല്യേട്ടന്മാരും. കഥ പറയാനൊരു ഓപ്പോളും, വിരൽത്തുമ്പത്ത് വരവിരിയുന്ന ചങ്ങാതിമാരും നാടകക്കാഴ്ചകൾ ഒരുക്കാൻ നഗരത്തിലെ അതികായരും പിന്നെ കലാലയ മുറ്റങ്ങളെ പ്രകമ്പനം കൊള്ളിക്കുന്ന പ്രൊഫസർമാരും ഒത്തുചേർന്നപ്പോൾ എഴുപതിൽപ്പരം കുരുന്നുകൾക്ക് മയിൽപ്പീലി മാനംകാണാതെ ഹൃദയത്തിൻെറ പുസ്തകത്താളിൽ വെയ്ക്കാനൊരു ഓർമച്ചെപ്പായി മാറി ക്യാമ്പ്.

കളികളാണ് ആദ്യം തുടങ്ങിയത്. ടി.വി. വെച്ച വിരുന്നുമുറികളിൽനിന്നും മൊബൈൽ ഫോണിൻെറ ഗെയിമുകളിൽനിന്നും കംപ്യൂട്ടറിൻെറ ഡെസ്ക്ടോപ്പിലെ ആകാശങ്ങൾക്കും അപ്പുറം ബാല്യത്തിൻെറ പയ്യാരങ്ങളും കളമധുരങ്ങളും നന്മകളും തേടി ഒരുപിടി കളികൾ.

ഞൊണ്ടിതൊട്ട്, മോതിരം കളിച്ച്, ഈർക്കിൽ പതിയെ തോണ്ടി രസിച്ച് വട്ടത്തിലിരുന്ന് അവർ തോർത്തുമായി നടന്ന നരിയായ ചേച്ചിയുടെ 'കുലകുലയാം മുന്തിരിങ്ങ' എന്ന ആർപ്പുവിളിക്ക് കുട്ടികൾ ഏറ്റുവിളിച്ചു: 'നരി നരി ചുറ്റി വാ' നാട്ടിൻപുറങ്ങൾ പോലും മറന്നുതുടങ്ങിയ കളികൾ കളിക്കുകയും ധാരാളം കളികൾ പരിചയപ്പെടുത്തുകയും ചെയ്തു.

ഉത്സാഹത്തിമിർപ്പിനോടൊപ്പം വിശകലനസ്വഭാവം, ക്ഷമ എന്നീ ഗുണങ്ങൾ ഊന്നിയാണ് കളികൾ ആസൂത്രണം ചെയ്തത്.

കാവ്യാലാപനം പോരാട്ടമാണ് അല്ലെങ്കിൽ പാഥേയമാണ്. കുട്ടികൾ സംഘം തിരിഞ്ഞ് കുഞ്ഞേടത്തിമാരുടെയും കുഞ്ഞേട്ടന്മാരുടെയും കൂടെയിരുന്ന് കവിത പഠിച്ചു. പുൽച്ചാടിയും പൊട്ടക്കിണറും പച്ചത്തവളയും ഫ്ലാറ്റുകളിൽ വളർന്ന കുട്ടികളുടെ നാവിന്മേൽ അനായാസം കവിതയായി നടനമാടി. ഒടുവിൽ സംഘമായിനിന്ന് ഹൃദയം തുറന്ന് അവർ ഒരുമിച്ചുപാടി.

കുഞ്ഞുങ്ങളിൽ അന്വേഷണത്വര വളർത്തുന്ന തരത്തിലുള്ള കവിതകളാണ് വല്യേട്ടന്മാർ തിരഞ്ഞെടുത്തത്.

ക്ഷീണിച്ചപ്പോൾ പൊട്ടിച്ചുതിന്നത് കല്ലുപ്പിൽ ഒപ്പിയ പച്ച മാങ്ങ. വെള്ളം കുടിച്ചത് നെല്ലിക്ക തിന്ന ചവർപ്പിൽ. നാവിൽ മിഠായിയുടെ അലിഞ്ഞലിഞ്ഞുണരുന്ന മധുരം.

പിന്നെ അവർ ഓടിച്ചെന്നത് ഒപ്പോളിൻെറ അരികിലേക്ക്. താഴെ മണ്ണിലിരുന്ന് അവർ കഥകേട്ടു. മാണിക്യക്കല്ല് തേടിപ്പോയ രാജകുമാരനും നീണ്ട മുടിയഴകുള്ള രാജകുമാരിയും ദുഷ്ടനായ രാക്ഷസനും വത്സല്യനിധിയായ അമ്മയും ദുരാഗ്രഹിയായ അമ്മാവനും... കേട്ടാലും കേട്ടാലും മതിവരാത്ത കഥകൾ നിർത്താൻ കടങ്കഥകൾ ചോദിച്ച് ക്യാമ്പിലൂടെ നടക്കുന്ന മാന്ത്രികന്മാരായ ഏട്ടന്മാർക്ക് നന്നേ പണിപ്പെടേണ്ടിവന്നു.

കാലത്തിനെയും കടന്ന് ചെല്ലുന്ന കഥകളാണ് കുഞ്ഞുങ്ങൾക്കായി തിരഞ്ഞെടുത്തത്. ചോദ്യങ്ങൾ ചോദിക്കാൻ പ്രേരിപ്പിക്കുന്ന കഥകൾ.

ഭക്ഷണം കഴിക്കുമ്പോൾ കുട്ടികളുടെ കണ്ണ് സീവുഡ്സ് മലയാളി സമാജത്തിൻെറ രക്ഷിതാക്കൾ ഉണ്ടാക്കിയൊരുക്കുന്ന ഓലപ്പന്തിലും കാറ്റാടിയിലും ഓലക്കണ്ണാടിയിലും ഓലകൊണ്ടുള്ള വാച്ചിലുമായിരുന്നു. ക്യാമ്പ് ചിത്രങ്ങളും ആനച്ചമയങ്ങളും കൊണ്ട് വർണാഭമായിരുന്നു. ഒരു ഉത്സവംപോലെ തന്നെയാണ് കുട്ടികൾ ക്യാമ്പിൻെറ ഭാഗമായത്.

പിന്നെ നടന്നത് കാഴ്ചകളായിരുന്നു, നാടകക്കാഴ്ചകൾ. നഗരത്തിലെ പ്രമുഖ ആറു അതികായരായ നാടകപ്രവർത്തകരുടെകീഴെ സംഘംതിരിഞ്ഞ് മാറി. ഓടിയും ചിരിച്ചും കരഞ്ഞും നിലവിളിച്ചും കുട്ടികൾ റിഹേഴ്സൽക്യാമ്പ് പൂരപ്പൊലിമയുള്ളതാക്കി. നാടകാശാന്മാരുമായി ചർച്ച ചെയ്ത് നാടകക്കളരിയിൽ കുട്ടികൾ ആറുലഘുനാടകങ്ങൾ അവതരിപ്പിച്ചു.

മുഴുവൻ കുട്ടികളും പങ്കെടുക്കുന്ന നാടകങ്ങൾ. അന്തർമുഖതയെ അടിച്ചോടിച്ച് രംഗഭീതിയെ പടിയടച്ച് പിണ്ഡംവെച്ച് കുരുന്നുകൾ വിസ്മയക്കാഴ്ചകൾ പകർന്നു.



ക്യാമ്പിൽ പങ്കെടുത്ത കുട്ടികൾ

വെള്ളം വെള്ളം സർവത്ര, എൻെറ ദൈവം, ഫോണാണ് ദൈവം, മാന്യമഹാ ജനങ്ങളെ, അടുക്കളയിൽനിന്നും അടുപ്പിലോട്ട്, ഫ്ലാറ്റിനുള്ളിലെ ആകാശം എന്നീ നാടകങ്ങൾ അവതരിപ്പിച്ചു. പരിസ്ഥിതിയും കുട്ടികളും, സ്ത്രീകളും രാഷ്ട്രീയവും, മതങ്ങളും പിന്നെ മാറിവരുന്ന ജീവിതശൈലികളും കുട്ടികൾ വിഷയങ്ങളാക്കി. ജീവിതത്തിലാദ്യമായി തട്ടകത്തിൽ കയറിയ കുഞ്ഞുങ്ങൾ ഇറങ്ങിയത് തൻെറതായ ഇടത്തോടെയാണ്.

ജീവിതത്തിൽ ഒഴിച്ചുനിർത്താനാവാത്ത ഭാഗമായ കച്ചവടത്തെയും ക്യാമ്പിൽ കുട്ടികൾക്ക് പരിചയപ്പെടുത്തി. വിപണനവും തന്ത്രങ്ങളും ലാഭവും പരസ്യവും ഒന്നും മാറ്റിനിർത്തപ്പെടേണ്ടതല്ലെന്നും തന്ത്രങ്ങളെന്തെന്നും കുതന്ത്രങ്ങളെന്തെന്നും കുട്ടികൾക്ക് സമാജത്തിൻെറ സ്വന്തം പ്രതിഭാധനരായ മുതിർന്നവർ പറഞ്ഞുകൊടുത്തു.

വിൽപ്പനയുടെ വിഷമവും വിപണിയുടെ ചതിക്കുഴികളും കുട്ടികൾ മനസ്സിലാക്കി. സോപ്പും ചീപ്പും കണ്ണാടിയുമായി കുട്ടികൾ നിരത്തിലിറങ്ങി. ഉത്പന്നങ്ങൾക്കായി പ്രിൻറ് പരസ്യവും ദൃശ്യമാധ്യമ പരസ്യവും തയ്യാറാക്കിയ കുട്ടികൾ തങ്ങൾക്ക് കിട്ടിയ ഉത്പന്നങ്ങൾ മിതമായ ലാഭത്തിന് അവസാനഘട്ടത്തിൽ എത്തിയ കാഴ്ചക്കാർക്ക് വിറ്റ് സാമർഥ്യം തെളിയിച്ചു. മുടക്കുമുതൽ, ലാഭം, വിലക്കിഴിവ്, പരസ്യതന്ത്രങ്ങൾ എന്നിവ ഒരുകഷ്ടം ചോക്കുകൂടാതെ ഒരു പ്രൊജക്ടർ പ്രസൻേറഷനില്ലാതെ കുഞ്ഞുങ്ങൾ സ്വായത്തമാക്കി.

ലാഭത്തിൻെറ ഒരുവിഹിതം ജീവിതത്തിലെ ആദ്യ ശമ്പളമെന്നപ്പോലെ ഉള്ളംകൈയിൽ ഒരു വെള്ളിയുറുപ്പിക തൊട്ടപ്പോൾ കുട്ടികൾ ആന്ദന്ദത്താൽ ആർപ്പുവിളിച്ചു.




ഒടുവിൽ എഴുപതിൽപ്പരം കുട്ടികൾ തോളോടുതോൾ ചേർന്ന് തീവണ്ടിയുടെ മാതൃകയിൽ വട്ടത്തിൽ ക്യാമ്പിൻെറ ചിത്രപതംഗങ്ങളോടൊപ്പം കളിച്ച് ചൂളമിട്ടപ്പോൾ അതുവരെ അടക്കിവെച്ച മുഖംമൂടികൾ കാറ്റിൽപ്പറത്തി മുതിർന്നവരും രക്ഷിതാക്കളും അവരുടെ കൂടെചേർന്നു. പിന്നെ ആനന്ദനൃത്തമായിരുന്നു.

ആകുലതകൾ മറന്ന് ഏകജീവിതാനശ്വരഗാനം പാടിയ പകൽ. പൊങ്ങിയാടിച്ചെന്ന് അമ്പിളിയെ തൊട്ട കളിയൂഞ്ഞാലുകൾ. അഴകോരുടലാർന്നുമിന്നി പാടിത്തിമിർത്ത ഒരു കൂട്ടായ്മ അവസാനിക്കുകയായിരുന്നു. വൈകീട്ട് പൂരംകഴിഞ്ഞ് തിരികെവരുന്ന പ്രതീതി. കൂട്ടുകാരൊത്ത് തിരികെനടക്കുമ്പോൾ കുരുന്നുകൾക്ക് ക്ഷീണം തോന്നിയില്ല.

പൂർണചന്ദ്രൻ, ചന്തത്തിൽ മേഘപാളികൾ, തണുത്ത കാറ്റ്. മനസ്സുമുഴുവൻ നിറമാർന്ന പൂരക്കാഴ്ചകൾ. ആനച്ചമയം, അമ്പാരി, വർണക്കുടകൾ. സംഗീതവും നർമവും കുസൃതിയും പുണർന്ന് പൂത്തിറങ്ങിയ ഊർജതാണ്ഡവം. ഇനി തനതുമാതൃകയിൽ ചുട്ടെടുത്ത ശിബിരങ്ങളല്ല മറിച്ച് സംസ്കൃതിയെ തിരിച്ചുപിടിക്കുന്ന തനതായ ശ്രമങ്ങളാണ് ഇനി വേണ്ടതെന്ന് സീവുഡ്സ് മലയാളിസമാജം ഉറപ്പിച്ചു. നമ്മുടെ കുട്ടികൾക്കുവേണ്ടി.

# ധാരാവി

## നഗര അടരുകളുടെ മുഖം




ബോഗി 10

ടി.കെ. മുരളീധരൻ

ഒരുപാട് നഗരങ്ങളുടെ അടരുകൾ കൂടിച്ചേർന്ന ഒരു മഹാനഗരമാണ് മുംബൈ. പഴകിയ അടരുകൾ ചിലത് ഓർമകളാകുന്നു. പുതിയവ വിടരുന്നു. അതിജീവനത്തിൻെറ പുതിയ ഊർജദളങ്ങളുമായി വീണ്ടും തെരുവുകൾ നിവരുന്നു. നഗരത്തിൻെറ ഇന്നലെകളിൽ ചികയുമ്പോൾ ഇങ്ങനെ കാലത്തിൻെറ ഒഴുക്കിൽ മാഞ്ഞുപോയ ഇടങ്ങളും തെളിയും. അധ്വാനിക്കുന്ന മനുഷ്യരുടെ ചരിത്രങ്ങളാൽ വർത്തമാനകാലവുമായി ഇഴചേർന്നുകിടക്കുന്ന കാലാതിവർത്തികളായ അടരുകളുമുണ്ടാകും. 'ധാരാവി' ഈ നഗരത്തിൻെറ ഹൃദയമിടിപ്പാണ്. ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ഭരണകാലം മുതൽക്കുതന്നെ നഗരത്തിൻെറ വിഴുപ്പുകൾ ചുമന്നതും അഴുക്കുകൾ കൂട്ടിയിട്ടതും മൺപാത്രങ്ങൾ മെനഞ്ഞതും വസ്ത്രങ്ങൾ തുന്നിയതും ധാരാവിയാണ്. നഗരം നിലനിർത്താൻ അഹോരാത്രം പണിയെടുത്ത തൊഴിലാളികൾക്ക് ഭക്ഷണം കൊടുത്തതും അന്തിയുറങ്ങാൻ ഇടംകൊടുത്തതും ധാരാവിയായിരുന്നു.

മീൻപിടിച്ചുജീവിക്കുന്ന 'കോളി'കളായിരുന്നു ധാരാവിയിലെ അടിസ്ഥാനവർഗം (ധാരാവിയോട് ചേർന്നുകിടക്കുന്നു കോളിവാഡ). 18-ാം നൂറ്റാണ്ടിൻെറ ആദ്യപകുതിയോടെ ധാരാവിയിലേക്കെത്തിയ ആദ്യകുടിയേറ്റക്കാർ താഴ്ന്നജാതിയിൽപ്പെട്ടവരും മുസ്‌ലിങ്ങളുമായിരുന്നു. തുകൽപണിയറിയാവുന്നവരായിരുന്നു ഇവർ. ഗുജറാത്തിൽനിന്നുള്ള കുംഭാരസമൂഹമാണ് മൺപാത്രവ്യവസായവുമായി ബന്ധപ്പെട്ട് പിന്നീട് ഉപജീവനം തുടങ്ങിയത്. ഇവരുടെ രണ്ടും മൂന്നും തലമുറകളാണ് ഇന്ന് വളരെ വളർന്നുവികസിച്ച ഈ വ്യവസായങ്ങളുടെ അമരത്തുള്ളത്. കൂടാതെ, ഒട്ടനവധി ചെറുകിട വ്യവസായങ്ങളും നിർമാണ യൂണിറ്റുകളും രാജ്യത്തിൻെറ സാമ്പത്തികതലസ്ഥാനത്തിന് മുതൽക്കൂട്ടായി ധാരാവിയിൽ പ്രവർത്തിക്കുന്നുണ്ട്.

ആയിരത്തിത്തൊള്ളായിരത്തി ഇരുപതുകളോടെ നഗരത്തിലേക്ക് വൻതോതിൽ തമിഴ് അധിനിവേശമുണ്ടായി. അനുനിമിഷം വളർന്നുകൊണ്ടിരുന്ന നഗരത്തിന് ഒരുപാട് തൊഴിലാളികളെ ആവശ്യമായിരുന്നു. റോഡുകളുണ്ടാക്കാനും ഗട്ടറുകൾ വെട്ടാനും വന്നവർക്ക് കുറഞ്ഞചെലവിൽ ഭക്ഷണവും തലചായ്ക്കാൻ ഇടവും തരപ്പെടുത്തിയത് ധാരാവിയായിരുന്നു. സ്വാതന്ത്ര്യലബ്ധിക്കുമുമ്പുതന്നെ ധാരാവി ഏഷ്യയിലെ ഏറ്റവുംവലിയ ചേരിപ്രദേശമായിക്കഴിഞ്ഞിരുന്നു. തമിഴരെ കൂടാതെ കർണാടകയിൽനിന്നുള്ളവരും ചെറിയൊരു ശതമാനം മലയാളികളും ധാരാവിയിലെ താമസക്കാരായി. പത്താംക്ലാസും ടൈപ്പ്റൈറ്റിങ്ങും പഠിച്ച മലയാളി നഗരത്തിലെ ഓഫീസുകൾ കേന്ദ്രീകരിച്ച് ജോലിചെയ്തു. നൂറ്റിഅൻപതിൽപരം തുണിമില്ലുകളുണ്ടായിരുന്ന നഗരത്തിൽ ഓരോ ഷിഫ്റ്റ് തുടങ്ങുമ്പോഴും മില്ലുകളുടെ മുമ്പിൽചെന്നുനിന്നാൽ മതി, അവധിയെടുത്തവർക്ക് പകരക്കാരായി ആളുകളെ വിളിച്ചുകയറ്റിയിരുന്നുവെന്ന് കേട്ടിട്ടുണ്ട്.

നഗരത്തിലെ മൂന്നുറെയിൽവേ ലൈനുകളുമായും വെസ്റ്റേൺ, സെൻട്രൽ, ഹാർബർ - ബന്ധപ്പെട്ട് വിശാലമായി പരന്നുകിടക്കുന്ന ധാരാവിയിൽനിന്ന് മുംബൈയിലെ ഏതുദിക്കിലേക്കും ചെന്നെത്തുക എളുപ്പമായിരുന്നു എന്നതും തൊഴിലന്വേഷകരെ ഇവിടേക്ക് അടുപ്പിച്ചു. മിതമായ ചെലവിൽ ഭക്ഷണവും താമസസൗകര്യവുമൊരുക്കുന്ന മെസ്സുകൾ ധാരാവിയിൽ ഇന്നും സുലഭമാണ്.



മുംബൈ നഗരത്തിലെ താരമാണ് ധാരാവി. സിനിമകളും പുസ്തകങ്ങളും കവിതകളും ചർച്ചകളുമൊക്കെ നഗരത്തിലെ മറ്റേതൊരിടത്തേക്കാളുമധികം 'ധാരാവി'യെ പ്രതിപാദിച്ചിട്ടുണ്ട്. ''ഈ ധാരാവീ ധാരാവീന്ന് കേട്ടിട്ടുണ്ടോ?'' - കൊച്ചിൻ ഹനീഫ മീശപിരിച്ച് തകർത്തഭിനയിച്ച ഈ സംഭാഷണം ഏതൊരു മലയാളിക്കും പരിചിതം. നഗരത്തിലെ അധോലോക നായകൻ വരദരാജ മുതലിയാരെക്കുറിച്ച് മണിരത്നം സംവിധാനം ചെയ്ത 'നായകൻ' കമൽഹാസന് ദേശീയപുരസ്കാരം നേടിക്കൊടുത്തു. മണിരത്നത്തിൻെറ 'ബോംബെ'യുടെ പരിസരവും ധാരാവിതന്നെയായിരുന്നു. ഹിന്ദിയിൽ ഇങ്ങനെ എണ്ണിയാലൊടുങ്ങാത്ത സിനിമകളുണ്ട്. 'ധാരാവി'യെ കേന്ദ്രീകരിച്ച് നിർമിക്കപ്പെട്ട പ്രധാനപ്പെട്ട ചില ചിത്രങ്ങൾ -അമിതാഭ് ബച്ചൻ നായകനായ 'ദീവാർ' (1979), മീരാനായരുടെ 'സലാം ബോംബെ' (1988), വിധു വിനോദ് ചോപ്രയുടെ 'പരിന്ദ' (1989), ഒടുവിൽ 2008-ൽ ഓസ്കറുകൾ വാരിക്കൂട്ടിയ ഡാനി ബോയ്‌ലിൻെറ 'സ്ലം ഡോഗ് മില്യനെയർ'..... ധാരാവി തെരുവിൽനിന്നുള്ള കുട്ടികളായിരുന്നു 'സ്ലം ഡോഗ് മില്യനെയറി'ൽ ലോകത്തെ വിസ്മയിപ്പിച്ച പലതാരങ്ങളും!



# പക്ഷികളെ വിരട്ടാൻ റോബേർഡ്

ടെക് ലോകം

■ അബ്ദുൽ മനാഫ്

വിമാനത്താവളങ്ങളിൽ വിമാനം ലാൻഡ് ചെയ്യുമ്പോഴും ടേക്ക് ഓഫ് ചെയ്യുമ്പോഴും പക്ഷികൾ ഇടിച്ച് ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ ഒരു ഡ്രോണുമായി എത്തിയിരിക്കുകയാണ് ഡച്ച് സ്റ്റാർട്ട്അപ്പ് കമ്പനിയായ ക്ലിയർ ഫ്ളൈറ്റ് സൊല്യൂഷൻസ്. റോബേർഡ് എന്ന് പേരിട്ടിരിക്കുന്ന ഈ ഡ്രോൺ കാഴ്ചയിൽ ശരിക്കും ഒരു പരുന്ത് തന്നെയാണ്.

3ഡിയിൽ പ്രിൻറ് ചെയ്ത ശേഷം ഹാൻഡ് അസംബിൾഡ് ചെയ്തിരിക്കുന്ന ഡ്രോൺ റിമോട്ട് ഉപയോഗിച്ചാണ് നിയന്ത്രിക്കുന്നത്. ശരിക്കും ഒരു പരുന്ത് പറക്കുന്നതു പോലെ തന്നെയാണ് റോബേർഡും പറക്കുന്നത്. വിമാനത്താവളങ്ങളിൽ ശല്യമാകുന്ന പക്ഷിക്കൂട്ടങ്ങളെ പിന്തുടർന്ന് ഓടിച്ച് സുരക്ഷ ഉറപ്പാക്കുന്നതാണ് റോബേർഡിൻെറ ജോലി. നിലവിൽ കൃത്യമായ പരിശീലനം നൽകിയ പ്രാപ്പിടിയൻമാരെ ഉപയോഗിച്ചാണ് പലയിടങ്ങളിലും പക്ഷികളെ തുരത്തുന്നത്. റോബേർഡ് എത്തുന്നതോടെ വിമാനത്താവളങ്ങളുടെ സുരക്ഷ ഇനി 24 മണിക്കൂറും സാധ്യമാകും.

ഡ്രോൺ കണ്ടു പേടിക്കുന്ന പക്ഷികളുടെ ശല്യം പിന്നീട് ഒരു നിശ്ചിത കാലയളവിലേക്ക് ഉണ്ടാവില്ലെന്ന് ക്ലിയർ ഫ്ളൈറ്റ് സൊല്യൂഷൻസിലെ എൻജിനീയറായ വെസ്സൽ സ്ട്രാറ്റ്മാൻ പറയുന്നു. ആട്ടിൻ കൂട്ടത്തെ ഒരു നായ നിയന്ത്രിക്കുന്നതു പോലെ പക്ഷിക്കൂട്ടങ്ങളെയും നമുക്ക് നിയന്ത്രിക്കാൻ സാധിക്കുന്നത് റോബേർഡിൻെറ ഒരു ഗുണമാണെന്ന് ഓപ്പറേഷൻസ് മാനേജർ റോബർട്ട് ജോൻകെർ അവകാശപ്പെടുന്നു. ക്ലിയർ ഫ്ളൈറ്റ് സൊല്യൂഷൻസ് വാണിജ്യാടിസ്ഥാനത്തിൽ റോബേർഡ് നിർമിക്കുന്നില്ല. പകരം ആവശ്യമുള്ളവർക്ക് തങ്ങളുടെ സേവനം വിട്ടുനൽകാനാണ് അവർ ഉദ്ദേശിക്കുന്നത്.

# ഇനി വീട്ടിനുള്ളിൽത്തന്നെ വളം നിർമിക്കാം

അടുക്കളയിൽ ബാക്കിവരുന്ന ഭക്ഷണപദാർഥങ്ങൾ എന്തുചെയ്യുമെന്ന് ഓർത്ത് വിഷമിക്കേണ്ട. അവയെല്ലാം ഇനി നിങ്ങളുടെ പൂന്തോട്ടത്തിലെ വളമാക്കി മാറ്റാം. തിരക്കേറിയ, യാന്ത്രികമായ നഗരജീവിതത്തിൽ ഇതെല്ലാം ആർക്ക് സാധിക്കും, എവിടെ സമയം എന്നു പറഞ്ഞ് ഒഴിയാൻ വരട്ടെ. ഭക്ഷണപദാർഥങ്ങൾ വളമാക്കി മാറ്റാൻ ഒരു വീട്ടുപകരണം തന്നെ നിർമിച്ചിരിക്കുകയാണ് പ്രശസ്ത അമേരിക്കൻ കമ്പനിയായ വേൾപൂൾ.



സെറ ഫുഡ് റീസൈക്ലർ എന്നാണ് ഈ ഉപകരണത്തിൻെറ പേര്. അടുക്കളയിലെ വർക്ക് ഏരിയിൽ മറ്റു വീട്ടുപകരണങ്ങൾക്കൊപ്പം തന്നെ വയ്ക്കാവുന്ന ഈ ഇൻഡോർ ഫുഡ് റീസൈക്ലറിലേക്ക് ബാക്കിവരുന്ന ഭക്ഷണപദാർഥങ്ങൾ നിക്ഷേപിക്കുക മാത്രമാണ് ചെയ്യേണ്ടത്. നിങ്ങളുടെ മൊബൈൽ ഫോണിലെ ആപ്ലിക്കേഷൻ ഉപയോഗിച്ച് റീസൈക്ലർ നിയന്ത്രിക്കാനും സാധിക്കും.

കൃത്യം ഒരാഴ്ചയ്ക്കുള്ളിൽത്തന്നെ വളം തയ്യാറാകും. റീസൈക്ലറിൻെറ ഉള്ളിലുള്ള കാർബൺ ഫിൽറ്റർ വളം നിർമിക്കുമ്പോഴുണ്ടാകുന്ന ദുർഗന്ധം തടയുന്നതിനാൽ വീട്ടിനുള്ളിൽ ധൈര്യമായി വയ്ക്കാം. വേൾപൂളിൻെറ തന്നെ സ്ഥാപനമായ ഡബ്ല്യൂ ലാബ്സ് ആണ് സെറ ഡിസൈൻ ചെയ്തിരിക്കുന്നത്. 699 മുതൽ 1199 അമേരിക്കൻ ഡോളർ വരെയാണ് സെറ ഫുഡ് റീസൈക്ലറിൻെറ വില.